മുണ്ട്. അതുപോലെ തൃശ്ശൂർ മൃഗശാലയ്ക്കുള്ള സ്ഥലം പോരാത്തതു കൊണ്ട് വനം വകുപ്പും മൃഗശാല അതോറിറ്റിയുമായി ബന്ധപ്പെട്ട് ഒരു 200 ഏക്കർ സ്ഥലത്തേക്ക് തൃശ്ശൂരിലെ മൃഗശാല മാറ്റാൻ വേണ്ടിയുള്ള ശ്രമത്തിലാണ് സ്റ്റേറ്റ് സൂ അതോറിറ്റി. അതുപോലെ കേരളത്തിൽ ഇന്ന് വനം വകുപ്പുമായി ബന്ധപ്പെട്ട് പലതും ഉണ്ട്. സെൻട്രൽ സൂ അതോറിറ്റി പറയുന്നത് വനം വകുപ്പിന്റെ കൈവശമുള്ള ഈ പാർക്കിന് വേണ്ടപോലെ സൗകര്യമില്ലയെന്ന് പറഞ്ഞാൽ ഒരു റസ്ക്യൂ ഷെൽറ്റർ എന്ന നിലയ്ക്ക് പാമ്പിനെ പിടിച്ചാൽ റെസ്ക്യൂ ഷെൽറ്ററിലേയ്ക്ക് ഇടാം. ആളുകളെ കാണാൻ അനുവദിക്കാതിരുന്നാൽ മതി. അല്ലാതെ കണ്ട് ശത്രുതാപരമായി ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടില്ല. ഈ ഗവൺമെന്റ് ശ്രമിച്ചിട്ടില്ല എന്ന് ഞാൻ പറയുന്നു.

## അറിയിപ്പ്

<u>മി. സ്പീക്കർ</u> : ഓർഡർ..... ഓർഡർ.....

സിംഗപ്പൂർ പാർലമെന്റ് അംഗമായ ശ്രീ. തോമസ് തോമസ് നമ്മുടെ സഭാ നടപടികൾ വീക്ഷിക്കുന്നതിനായി ഇവിടെ വിശിഷ്ടാതിഥികളുടെ ഗ്യാലറിയിൽ സന്നിഹിതനായിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ശ്രീമതിയും വന്നിട്ടുണ്ട്. രണ്ടുപേരെയും നിയമസഭയ്ക്കുവേണ്ടി ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീ. തോമസ് തോമസ് ഒരു മലയാളിയാണ് എന്ന കാര്യം കൂടി ഞാൻ അറിയിച്ചുകൊള്ളുന്നു.

## (2) നാവായിക്കുളം പഞ്ചായത്തിൽ കുനൻചാലിൽ പട്ടികജാതി കോളനിയിൽ 9.12.2000 ത്തിൽ നടന്ന സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടം

**[11. A.M.]**

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിൽ അഞ്ചാം വാർഡിൽ കുനൻചാലിൽ എന്നു പറയപ്പെടുന്ന ഹരിജൻ കോളനിയിൽ സ്ഥിരതാമസക്കാരും പട്ടികജാതിക്കാരുമായ മുപ്പതോളം കുടുംബാംഗങ്ങൾ ഒപ്പിട്ട ഒരു പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റു ബന്ധപ്പെട്ടവർക്കും ഈ മാസം 13-ാം തീയതി ഞാൻ നല്കിയിരുന്നു. പരാതിയിൽ പറയുന്ന കാര്യം വളരെ ഗൗരവമുള്ളതായതുകൊണ്ടാണ് ഒരു സബ്മിഷനിലൂടെ ഈ പ്രശ്നത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഈ പട്ടികജാതി കോളനിയിൽ നാല് കുടുംബങ്ങൾ ഒഴികെ മറ്റെല്ലാ കുടുംബങ്ങളും ഇടതുപക്ഷ അനുഭാവികളാണ്. ഈ മാസം 10-ാം തീയതി രാത്രിയിൽ ഉദ്ദേശം 10 മണിക്ക് ഹംസ, അലി, നിസാർ, അസീൻ, ഷറഫുദ്ദീൻ എന്നിവരും മറ്റ് അമ്പതോളം പേരും സ്ഥലത്തെ എൽ.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ (പണ്ടവർ പി.ഡി.പി.ക്കാരായിരുന്നു.) വടിവാൾ, കഠാര, വെട്ടുകത്തി, കോടാലി തുടങ്ങിയ മാരകായുധങ്ങളുമായി കോളനിയിൽ അതിക്രമിച്ചു കടന്നുകയറി ഉറങ്ങിക്കിടന്നവരേയും, മറ്റുള്ളവരേയും സ്ത്രീ പുരുഷ ഭേദമന്യേ മർദ്ദിച്ച് അവശരാക്കുകയും, വീടുകളും വീട്ടുപകരണങ്ങളും തല്ലിത്തകർക്കുകയും, വീടുകളിൽ സൂക്ഷിച്ചിരുന്ന നാലായിരത്തോളം രൂപ കവർന്നെടുക്കുകയും, മൃഗങ്ങളെ വരെ പൈശാചികമായി മർദ്ദിച്ച് അവശരാക്കുകയും അങ്ങനെ സ്ഥലത്ത് ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഈ മാസം 9-ാം തീയതി കോളനിയിലെ താമസക്കാരനായ നാണുവിന്റെ 17 വയസ്സു പ്രായമുള്ള അമ്പിളി എന്ന പെൺകുട്ടി കശു



LIBRARY ARCHIVES Kerala Legislative Assembly

വണ്ടി ഫാക്ടറിയിൽ നിന്ന് ജോലി കഴിഞ്ഞ് മടങ്ങി വരവേ വൈകിട്ട് 6 മണിക്ക് മുക്കുകട ജംഗ്ഷനിൽ വച്ച് സ്ഥലത്തെ ടാക്സി ഡ്രൈവർമാരായ യൂസഫ്, ഷാജൻ എന്നിവർ ചേർന്ന് പെൺകുട്ടിയെ ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചീത്ത പറയുകയും കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും ചെയ്തതാണ് ഈ സംഭവത്തിനു കാരണമായിത്തീർന്നത്. അടുത്ത ദിവസം പെൺകുട്ടിയുടെ സഹോദരൻ അതിനെ ചോദ്യം ചെയ്തതിനാണ് മുന്നോക്കർ എന്നു പറയപ്പെടുന്ന ഈ സാമൂഹ്യവിരുദ്ധർ ഈ പട്ടികജാതിക്കാരെ ഉന്മൂലനാശം ചെയ്യും എന്ന് ആക്രോശിച്ചുകൊണ്ട് ഇങ്ങനെയൊരു അക്രമം അഴിച്ചു വിട്ടത്. അവരുടെ അക്രമത്തിന് ഇരയായ ആറു പേർ വെട്ടും കുത്തു മേറ്റ് ആശുപത്രിയിലായി, അവർ ഇപ്പോഴും ചികിത്സയിലാണ്. കൂടാതെ ജനകീയാസൂത്രണ പദ്ധതിയിൻ പ്രകാരം ലഭിച്ച അവരുടെ വീടുകൾ എല്ലാം തകർക്കപ്പെട്ടിരിക്കുകയാണ്. വീടിനുള്ളിൽ ഉണ്ടായിരുന്ന അരി ഉൾപ്പെടെയുള്ള എല്ലാ വീട്ടുപകരണങ്ങളും, സാധനങ്ങളും കോളനിയിലുള്ള രണ്ടു, മൂന്നു കിണറുകളിൽ വാരി എറിഞ്ഞിരിക്കുകയാണ്. ഒരു യുദ്ധഭൂമിയിൽ ചെന്നാൽ കാണുന്ന ഒരവസ്ഥയാണ് ആ കോളനിയിൽ ചെന്നാൽ കാണാൻ കഴിയുക. 1980 മുതൽ ഒരു പിരീഡ് ഒഴിച്ചാൽ ഞാൻ ആ സ്ഥലത്ത് എം. എൽ.എ. ആയി ഉണ്ടായിരുന്നു. വളരെ ശാന്തമായി സമാധാനമായി കഴിഞ്ഞു കൂടുന്ന ആ പട്ടിണിപ്പാവങ്ങളോട് ഇത്ര ക്രൂരത കാണിക്കാൻ കാരണമെന്തെന്ന് അറിയില്ല. ജാതീയമായ പീഢനമാണ്, അവരെ ജാതീയമായി പീഡിപ്പിക്കുക എന്നുള്ള ഉദ്ദേശം മാത്രമായിരുന്നു ഈ അക്രമത്തിന്റെ പിന്നിൽ ഉണ്ടായിരുന്ന ആ ഗൂഢോദ്ദേശം. ഒരു മുന്നോക്കക്കാരന്റെ വീട് തീ കത്തിച്ചിട്ട്, അത് അവർ തന്നെ കത്തിച്ചിട്ട് ഹരിജനങ്ങളാണ് അപ്രകാരം ചെയ്തത് എന്ന് പ്രചരിപ്പിക്കുന്നു എന്ന് ഈ കോളനി നിവാസികൾ എന്നെ കണ്ടപ്പോൾ പരാതി പറയുകയുണ്ടായി. ഈ അക്രമം നടത്തിയ മുന്നോക്കജാതിയിൽപ്പെട്ടവരും സാമൂഹ്യവിരുദ്ധരുമായ പ്രതികളെ 1980-ലെ കേന്ദ്ര പട്ടികജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമമനുസരിച്ച് കേസെടുത്ത് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നന്നാക്കുന്നതിന് സാമ്പത്തിക സഹായം നല്കണം. വെട്ടും കുത്തും മൂലം മുറിവേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് ചികിത്സാ സഹായം നല്കണം. ആ പ്രദേശത്ത് ഒരു സമാധാനാന്തരീക്ഷം സൃഷ്ടിക്കുവാൻ, സമാധാനപരമായി ജനങ്ങൾക്ക് ജീവിക്കുവാൻ ഒരു സർവ്വകക്ഷി യോഗം എത്രയും പെട്ടെന്ന് വിളിക്കുവാൻ വേണ്ട നിർദ്ദേശവും നല്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം നാവായിക്കുളം കുനംചാലിലെ പട്ടികജാതി കോളനിയിൽ 10.12.2000 ന് രാത്രിയിൽ ഏതാനും പേർ കടന്നു കയറി ചില വീടുകളിലെ ഗൃഹോപകരണങ്ങളും മറ്റും നശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ക്രൈം 223/2000-ാം നമ്പരായി കല്ലമ്പലം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. പ്രതികളിലൊരാളായ സുബൈറിനെ അറസ്റ്റു ചെയ്തിട്ടുമുണ്ട്. മറ്റ് പ്രതികളെക്കൂടി അറസ്റ്റു ചെയ്ത് നടപടി ത്വരിതപ്പെടുത്താൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly